"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കോഴിക്കോട് ജില്ല - കോഴിക്കോട് ബ്ലോക്ക് - കടലുണ്ടി ഗ്രാമപഞ്ചായത്ത് - കപ്പലങ്ങാടി - വാക്കടവ് റോഡ് പ്രവൃത്തി - കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.20/2026/DMD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. തീയതി, 27.03.2025
2. കോഴിക്കോട് ജില്ലാകളക്ടറുടെ 05.11.2025 ലെ DCKKD/10063/2025-F3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്കിലുൾപ്പെട്ട കടലുണ്ടി ഗ്രാമപഞ്ചായത്തിലെ കപ്പലങ്ങാടി - വാക്കടവ് റോഡ് പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസിൽ റേറ്റ് റിവിഷൻ നടക്കുന്ന സമയമായതിനാൽ നിർവ്വഹണാനുമതി ലഭിക്കാനുണ്ടായ കാലതാമസവും കോൺക്രീറ്റ്, ഇൻറർലോക്ക് എന്നീ SDRF മാനദണ്ഡ വിരുദ്ധമായ പ്രവൃത്തി ആയതിനാൽ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്യേണ്ടി വന്നതിനാലും ടി പ്രവൃത്തിയുടെ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ടി റോഡ് പ്രവൃത്തിയുടെ കരാർ കാലാവധിയും ഭരണാനുമതി കാലാവധിയും ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് ഭരണാനുമതി നൽകിയിരുന്ന കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്കിലുൾപ്പെട്ട കടലുണ്ടി ഗ്രാമപഞ്ചായത്തിലെ കപ്പലങ്ങാടി - വാക്കടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ ഇനി ദീർഘിപ്പിച്ച് നൽകുകയില്ല എന്ന വ്യവസ്ഥയിൽ കരാർ കാലാവധി ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/209/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 06-01-2026 10:24:57

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.